**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 7207 16.07.2012- ൽ മറുപടിക്ക്**

**വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രകാരം റോഡുകളുടെ പുനരുദ്ധാരണത്തിന് തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ജോസ് തെറ്റയിൽ** | | **ശ്രീ. അടൂർ പ്രകാശ്**<br>**(ബഹു. റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| (എ) | വെള്ളപ്പൊക്കദുരിതാശ്വാസ പദ്ധതി പ്രകാരം റോഡുകളുടെ പുനരുദ്ധാരണത്തിന് തുക അനുവദിക്കുന്നതിൽ നിലവിലുള്ള മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ; | (എ)<br>&<br>(ബി) | പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽ നിന്നും തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി തുക അനുവദിച്ച് ഭരണാനുമതി നൽകുന്നതിന് 08.10.2009 ലെ സ.ഉ(എം.എസ്)നം.396/2009/ഡി.എം.ഡി നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളാണ് സ്വീകരിച്ചു വരുന്നത്. അതനുസരിച്ച് നിയമസഭ സാമാജികർ, രാജ്യസഭ/ലോക്സഭ അംഗങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾ, സന്നദ്ധ സംഘടനകൾ, ഗ്രാമസഭകൾ, താലൂക്ക് വകുപ്പ് കമ്മിറ്റികൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ മുഖേന ലഭിക്കുന്ന അപേക്ഷകളാണ് സർക്കാർ പരിഗണിക്കുന്നത്. |
| (ബി) | നിയമസഭ, പാർലമെന്റ് അംഗങ്ങൾ അല്ലാതെയും നിലവിലെ മാനദണ്ഡപ്രകാരം പഞ്ചായത്ത് കമ്മിറ്റിയിൽ പാസാക്കിയ പ്രമേയമില്ലാതെയും പഞ്ചായത്ത് പ്രസിഡന്റോ, മെമ്പർമാരോ മറ്റു വ്യക്തികളോ നൽകുന്ന അപേക്ഷയിൽ തുക അനുവദിക്കുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ